(ബി) നിലവിലുള്ള ത്രിവേണി/നന്മ/നീതി സ്റ്റോറുകളുടെ ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് ജില്ലാടിസ്ഥാനത്തിൽ അനുബന്ധം II ചേർക്കുന്നു.*

(സി) ഉണ്ട്. ഇവയുടെ പ്രവർത്തനം ഫെഡറേഷൻ തലത്തിൽ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ 5 ത്രിവേണി സ്റ്റോറുകൾമാത്രമേ ലാഭകരമായി പ്രവർത്തിക്കുന്നതായി കാണുന്നുള്ളൂ.

സുവർണ്ണ കേരളം പദ്ധതി

118 (463) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുവർണ്ണ കേരളം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഏത്ര സഹകരണ സംഘങ്ങൾ മുഖേനയാണ് ആധുനിക കൃഷി സാങ്കേതികവിദ്യകൾ കൈമാറുവാൻ ഉദ്ദേശിക്കുന്നത് ;

(സി) അടുക്കളത്തോട്ട നിർമ്മാണം ഉൾപ്പെടെ ഏതെല്ലാം കൃഷിരീതികളും ഉൽപ്പാദനോപാധികളുമാണ് കൈമാറുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നൂതനവും ആരോഗ്യകരവുമായ കൃഷിരീതികൾ ഉപയോഗപ്പെടുത്തി സഹകരണ സംഘങ്ങളിലൂടെ കേരളത്തിലെ എല്ലാ വീടുകളിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, സുരക്ഷിതമായ ഭക്ഷണം എന്ന ആവശ്യം ജനകീയ പങ്കാളിത്തത്തോടുകൂടി കേരളത്തിലെ സഹകരണ മേഖലവഴി നടപ്പാക്കുക എന്നിവയാണ് സുവർണ്ണ കേരളം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. വിഷമയമില്ലാത്ത മികച്ച പച്ചക്കറി കൃഷി ചെയ്യുന്നതിന്റെ ആവശ്യകത സംബന്ധിച്ച് ജനങ്ങളുടെ ഇടയിൽ ബോധവത്കരണവും നടത്തിവരുന്നു.

(ബി) കേരളത്തിലുടനീളം സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൻകീഴിൽവരുന്ന എല്ലാ സഹകരണ സംഘങ്ങളേയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ആധുനിക കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുവാനുള്ള സാങ്കേതികവിദ്യ കൈമാറുവാൻ ഉദ്ദേശിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വീടുകളിൽ അടുക്കളത്തോട്ട നിർമ്മാണത്തിന് പുറമെ മട്ടുപ്പാവ് കൃഷി, പോളിഹൗസ് കൃഷി എന്നിവയും സഹകരണ സംഘങ്ങൾ മുഖേന നടപ്പാക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ട്. ഓരോ താലൂക്കിലുമുള്ള സർവ്വീസ് സഹകരണ ബാങ്കുകൾ ടി പ്രദേശത്ത് ഓരോ സീസണുകൾക്കും യോജിച്ച പച്ചക്കറി വിത്തുകൾ/തൈകൾ എന്നിവ പോളിഫാമുകളിൽ വികസിപ്പിച്ചെടുത്തും, ഗുണമേന്മയും അത്യുൽപ്പാദനശേഷിയുള്ള വിത്തുകൾ/തൈകൾ എന്നിവ സർക്കാർ കൃഷി ഫാം/നഴ്സറികളിൽനിന്നും വാങ്ങിയും സൗജന്യമായോ/മിതമായ വിലയ്ക്കോ വിതരണം ചെയ്യുവരുന്നു. സംഘം പരിധിയിൽ ആരംഭിക്കുന്ന പച്ചക്കറി കൃഷിക്ക് കൃഷിഭവൻവഴിയും സേവന സന്നദ്ധതയുള്ള സർവ്വീസിൽ നിന്നും വിരമിച്ച കൃഷി ആഫീസർമാരുടെ സേവനം കൂടി ലഭ്യമാക്കിയും സുവർണ്ണ കേരളം പദ്ധതി നടപ്പിലാക്കിവരുന്നു.

താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേടുകൾ

119 (464) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിൽ നടന്നതായി ആരോപിക്കപ്പെടുന്ന ക്രമക്കേടുകളെ സംബന്ധിച്ച് അന്വേഷിക്കുന്നതിനായി സ്ഥലം എം.എൽ.എ. വകുപ്പ് മന്ത്രിക്ക് നൽകിയ കത്തിന്മേൽ സ്വീകരിച്ച തുടർനടപടികൾ വെളിപ്പെടുത്താമോ ;

(ബി) ക്രമക്കേടുകൾ സംബന്ധിച്ച അന്വേഷണത്തിൽ കുറ്റക്കാരായി കണ്ടെത്തിയവർ ആരൊക്കെ ; അവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) പ്രസ്തുത ബാങ്കിലെ നിക്ഷേപകർക്ക് പണം അടിയന്തരമായി ലഭ്യമാക്കാൻ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിലെ നിക്ഷേപകർക്ക് നിക്ഷേപത്തുക തിരികെ നൽകുന്നതിനായി വായ്പാ ഇനത്തിൽ നൽകിയിട്ടുള്ള തുക ഈടാക്കുന്നതിനായി സെയിൽ ഓഫീസർ തലത്തിൽ കടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ ത്വരിതപ്പെടുത്തുന്നതിനും 26-11-2014-ൽ ജോയിന്റ് രജിസ്ട്രാർ വിളിച്ചുചേർത്ത ഭരണസമിതി യോഗത്തിൽ നൽകിയ നിർദ്ദേശങ്ങൾ ബാങ്ക് നടപ്പിലാക്കുന്നുണ്ടോ എന്ന് യഥാസമയം വിലയിരുത്തുന്നതിനും ബാങ്കിലെ

LIBRARY ARCHIVES Kerala Legislative Assembly